ശ്രീ. എം. നാരായണക്കുറുപ്പ് : കൺസൽട്ട ചെയ്യുക എന്നതിന്റെ അർത്ഥം അവരോട് ചോദിച്ചു് വിപരീതമായി പ്രവർത്തിക്കുക എന്നാണെങ്കിൽ, ആ സാഹചര്യം ഉണ്ടാക്കാതിരിക്കുമോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : ബഹുമാനപ്പെട്ട മെമ്പറുടെ നിഗമനം ശരിയല്ല. കൺസൽട്ടചെയ്യാൽ അതനുസരിച്ചു് സ്വീകരിക്കാവുന്നതു സ്വീകരിക്കുക, സ്വീകരിക്കാൻ പാടില്ലാത്തതു സ്വീകരിക്കാതിരിക്ക എന്ന നയമാണു് സ്വീകരിച്ചിട്ടുള്ളതു്.

WRITTEN ANSWERS

ഖാദി ഗ്രാമവ്യവസായബോർഡിന്റെ കീഴിലുള്ള സ്ഥാപനങ്ങൾ

* 984. [25] ശ്രീ. ടി. കെ. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഖാദി ഗ്രാമവ്യവസായബോർഡിന്റെയും ഖാദികമ്മീഷന്റെയും കീഴിൽ എത്ര സ്ഥാപനങ്ങൾ കേരളത്തിലുണ്ടു് ;

(ബി) എത്ര ഉറപ്പിക ആകെ ഇവയുടെ നടത്തിപ്പിനു് ആണ്ടുതോറും ചെലവാക്കുന്നു ;

(സി) ഇവയിൽ നിന്നുള്ള വരുമാനമെത്ര ;

(ഡി) ഖാദി കമ്മീഷന്റെയും ഖാദി ബോർഡിന്റെയും പ്രവർത്തനത്തിന്മേൽ ഗവണ്മെന്റിനു് എന്തെങ്കിലും നിയന്ത്രണമുണ്ടോ ;

(ഈ) ഇവയുടെ കീഴിൽ രണ്ടു വർഷമായി എത്ര നിയമനങ്ങൾ നടന്നിട്ടുണ്ടു് ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ) :

(എ) 1066.

(ബി) 1960-61, 1961-62, 1962-63 എന്നീ വർഷങ്ങളിൽ ലോണായും ഗ്രാന്റായും നൽകിയിട്ടുള്ള സഹായത്തെ കാണിക്കുന്ന ഒരു സ്റ്റേറ്റുമെന്റു് മേശപ്പുറത്തു വച്ചിട്ടുണ്ടു്. *

(സി) 1960-61, 1961-62, 1962-63 എന്നീ മൂന്നു വർഷങ്ങളിൽ ഉള്ള ഉല്പാദനത്തെ കാണിക്കുന്ന ഒരു സ്റ്റേറ്റുമെന്റു് മേശപ്പുറത്തു വച്ചിട്ടുണ്ടു്. *

(ഡി) ഖാദി കമ്മീഷന്റെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതു് കേന്ദ്ര ഗവണ്മെന്റാണു്. സംസ്ഥാനഖാദിബോർഡിന്റെ പ്രവർത്തനങ്ങളെ കേരള ഖാദി ഗ്രാമവ്യവസായബോർഡു് ആക്ടിന്റെപ്രകാരം സംസ്ഥാനഗവണ്മെന്റു് നിയന്ത്രിക്കുന്നുണ്ടു്.

(ഈ) ഖാദി കമ്മീഷന്റെ കീഴിൽ നേരിട്ടു നടത്തിയിട്ടുള്ള നിയമങ്ങളെ സംബന്ധിച്ചു് ഗവണ്മെന്റിനു വിവരമില്ല. സംസ്ഥാനബോർഡിന്റെ കീഴിൽ ഈ കാലഘട്ടത്തിൽ 78 നിയമനങ്ങൾ നടന്നിട്ടുണ്ടു്. ഇതിൽ 45 ഉദ്യോഗസ്ഥന്മാരുടെ മുഴുവൻ ശമ്പളവും 18 ഉദ്യോഗസ്ഥന്മാരുടെ ശമ്പളത്തിൽ പകുതിയും ഖാദി കമ്മീഷനാണു് നൽകുന്നതു്.

---

* Appendix III.

LIBRARY ARCHIVES Kerala Legislative Assembly

APPENDIX III

[*Please see answer to Starred Question No.* 984 (25)]

Statement showing Disbursement of Grants and Loans During 1960-61, 1961-62 and 1962-63 by the Khadi Board to Co-operatives and Registered Institutions engaged in Khadi and Village Industries.

Year	*Grant (in lakos of Rs.)*	*Loan (in lakhs of Rs.)*	*Total (in lakhs of Rs.)*
1960 61	9·32	25·28	34·60
1961-63	12·05	26·56	38·61
1962-63	10·80	13·79	24·59

Statement Showing Value of Production of Khadi and Village Industries Units.

Sl. No.	*Industry.*	*Value of Production in lakhs of Rs.* 1960-61	1961-62	1962-63
1	Khadi	9·31	3·02	9·85
2	Village Oil	50·00	50·78	39·05
3	Hand pounded Paddy	8·22	9·38	11·93
4	Hand made paper	0·55	0·83	0·17
5	Village Pottery	2·24	4·62	8·02
6	Village Leather	0·05	0·20	0·14
7	Gurkhandsary	2·92	3·62	7·14
8	Non edible Oil and Soap	0·63	0·74	1·91
9	Beekeeping	0·90	1·20	1·71
10	Palmgur	8·15	12·00	15·00
11	Fibre	..	0·05	0·15
12	Limestone	..	..	3·13
13	Blacksmithy and Carpentry	..	..	0·04
14	Cottage Match	..	..	..
15	New Village Industries	..	0·12	0·28 (till the end of 1963)

LIBRARY ARCHIVES Kerala Legislative Assembly